പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 309 | 13.10.11 ൽ- മറുപടിക്ക്

## പൊതുവിതരണ ശൃംഖലകളെ കമ്പ്യൂട്ടർവൽക്കരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ.എ.റ്റി. ജോർജ് | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) പൊതുവിതരണ ശൃംഖലകളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ വിഭാഗത്തിന് പ്രതിമാസം 1 രൂപ നിരക്കിൽ 25 കിലോ അരിയും, എ.എ.വൈ വിഭാഗത്തിന് 35 കിലോ അരിയും 01.09.2011 മുതൽ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42.87 ലക്ഷം തിരഞ്ഞെടുത്ത കാർഡുടമകൾക്ക് 2/- രൂപ നിരക്കിൽ പരമാവധി 12 Kg അരിയും 3 Kg ഗോതമ്പും പ്രതിമാസം നൽകിവരുന്നുണ്ട്. |
| (ബി) പൊതുവിതരണ ശൃംഖലകളെ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി എടുത്തുവോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) സിവിൽസപ്ളൈസ് വകുപ്പിലെ ഓഫീസുകളെ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. പൊതു വിതരണ ശൃംഖലകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. |
| (ഡി) ഭക്ഷ്യധാന്യ സംഭരണ ശേഷി കൂടുതൽ വിപുലമാക്കുവാനും വിതരണ രംഗത്ത് ബയോമെട്രിക് രീതി കൊണ്ടുവരാനും ശ്രമിക്കുമോ ? | (ഡി) ഭക്ഷ്യ ധാന്യ സംഭരണശേഷി വിപുലമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് മൂന്ന് പുതിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. വിതരണരംഗത്ത് ബയോമെട്രിക് രീതി കൊണ്ടുവരാനുള്ള പദ്ധതി തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ